


വര: അജിലൽ

# ചങ്ങലയ്ക്കിടേണ്ട ആനക്കമ്പം

**ആനയെ രാജ്യത്തിന്റെ ദേശീയ പൈതൃകമൃഗമായി പ്രഖ്യാപിക്കാൻ കേന്ദ്രം വനം – പരിസ്ഥിതി മന്ത്രാലയം തീരുമാനിച്ചിരിക്കുന്നു. ഇന്ത്യയിലെ ആനകളുടെ സംരക്ഷണം ഉറപ്പാക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച എലിഫന്റ് ടാസ്ക് ഫോഴ്സിന്റെ' റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടികൾ. നാട്ടാനകളെ ഉപയോഗിക്കുന്ന കാര്യത്തിലും ഇതേ തുടർന്ന് നിയന്ത്രണങ്ങൾ വരുമെന്ന് ഉറപ്പായതോടെ കേരളത്തിലെ ആന ഉടമസ്ഥന്മാർ കേന്ദ്ര വനം – പരിസ്ഥിതി മന്ത്രാലയത്തിനെതിരെ തിരിഞ്ഞിരിക്കുകയാണ്. ആനയില്ലെങ്കിൽ പൂരവും പെരുന്നാളും ഇല്ലാതാകുമെന്നും മത വിശ്വാസം തകർക്കപ്പെടുമെന്നും പറയുന്ന ഈ ആന ഉടമസ്ഥന്മാരുടെ ആനപ്രേമം സാമ്പത്തിക ലാഭത്തിനുവേണ്ടിയുള്ള മറയാണെന്നും വർഷങ്ങളായി ആനകളെ ദ്രോഹിച്ച ചരിത്രം മാത്രമാണിവർക്കുള്ളതെന്നും തൃശൂരിലെ ആനപ്രേമി സംഘത്തിന്റെ പ്രധാന പ്രവർത്തകനായ വെങ്കിടാചലം പറയുന്നു**

കാടടച്ച് വെടിവയ്ക്കുന്നതു പോലെയുള്ള പ്രസ്താവനയാണ് ആന ഉടമസ്ഥ സംഘം പുറത്തിറക്കിയിരിക്കുന്നത്. മതാചാരങ്ങളെ കൂട്ടുപിടിച്ച് ആനകളെ ദ്രോഹിച്ച് പണം തട്ടാനാണ് അവർ ശ്രമിക്കുന്നത്. നിലവിലുള്ള നിയമങ്ങൾ പലതും അട്ടിമറിച്ചുകൊണ്ടാണ് അവർ ആനകളുടെ ഉടമസ്ഥാവകാശം പോലും കൈയിൽ വയ്ക്കുന്നത്. എഴുന്നള്ളിപ്പുകൾ നടത്തുന്നതും നിയമങ്ങളും കോടതി ഉത്തരവുകളും പരസ്യമായി ലംഘിച്ചുകൊണ്ടാണ്. ആചാരങ്ങളെ കൂട്ടുപിടിച്ച് ഇപ്പോൾ അവർ നടത്തുന്ന നാടകം ആനകളെ സംരക്ഷിക്കാൻ വേണ്ടിയുള്ളതല്ല. ഒരാനയുടെ മേൽ 15 ലക്ഷം രൂപയുടെ കള്ളപ്പണമാണ് ലാഭമായി കിട്ടുന്നത്. എണ്ണൂറോളം ആനകളുണ്ടായിരുന്ന കേരളത്തിൽ 2009ൽ മൈക്രോചിപ്പ് വയ്ക്കുന്നതിനായി കണക്കെടുത്തപ്പോൾ 695 ആനകൾ മാത്രമാണുള്ളത്. 15 ലക്ഷം രൂപ വച്ച് കണക്കിലാക്കിയാൽ ഒരു കോടിയോളം രൂപയാണ് ഇത്രയും ആനകൾ വഴി കള്ളപ്പണമായി ലഭിക്കുന്നത്. ഈ പണം സംരക്ഷിക്കുകയാണ് ആന ഉടമസ്ഥ സംഘത്തിന്റെ ലക്ഷ്യം. മതാചാരങ്ങൾ ശരിക്കും

മനസ്സിലാക്കാതെയാണ് ഇവർ ആചാരങ്ങളെ ആന പ്രശ്നത്തിലേക്ക് വലിച്ചിഴയ്ക്കുന്നത്. ക്ഷേത്രത്തിൽ ആറാട്ട് എന്ന ചടങ്ങ് നടത്താൻ ഒരാനയെ മാത്രം എഴുന്നള്ളിക്കാമെന്ന് വിഷ്ണു സംഹിതയിൽ പറയുന്നുണ്ട്. ആനകൾ എന്ന് പറയുന്നില്ല. ആന എന്ന് മാത്രമാണ് പറയുന്നത്. വിഷ്ണു സംഹിത പ്രകാരം നോക്കിയാൽ ഇപ്പോൾ ആനയെ ഉപയോഗിച്ച് നടക്കുന്ന ചടങ്ങുകളെല്ലാം ആചാരലംഘനമാണ്. മാത്രമല്ല ആനകൾ പ്രശ്നമുണ്ടാക്കുന്നതുകൊണ്ട് ക്ഷേത്രാചാരങ്ങൾ മുടങ്ങുന്നത് ആന ഉടമസ്ഥ സംഘം ആചാരലംഘനമായി കണക്കാക്കുന്നുമില്ല. ആന പ്രേമി സംഘത്തിന്റെ നേതൃത്വത്തിൽ പല ദേവസ്വങ്ങൾക്കും ക്ഷേത്രകമ്മിറ്റികൾക്കും പരാതി നൽകിയതിനെ തുടർന്ന് പലരും അനുകൂല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മണപ്പുള്ളിക്കാവ് ക്ഷേത്രത്തിൽ ഉച്ചതിരിഞ്ഞ് മൂന്ന് മണിക്ക് ആനയെ എഴുന്നള്ളിച്ചിരുന്നത് വൈകീട്ട് അഞ്ച് മണിക്ക് ശേഷമാക്കി. ഇടുക്കി ജില്ലിയിലെ പല ക്ഷേത്രങ്ങളും ആനയെ വേണ്ടെന്നു തന്നെ തീരുമാനിച്ചു. വിശ്വഹിന്ദു പരിഷത്ത് അവിടെ അങ്ങിനെയൊരു പ്രമേയം പാസാക്കിയിട്ടുണ്ട്. ആന പ്രേമത്തേക്കാൾ നിഗൂഢമായ ലക്ഷ്യംകൂടി അതിന്റെ പിന്നിലുണ്ട്. ഇടുക്കി ജില്ലയിലെ ആന ഉടമസ്ഥരിൽ ബഹുഭൂരിപക്ഷവും ക്രിസ്ത്യൻ- മുസ്ലീം മതവിഭാഗക്കാരാണ്. ഹിന്ദുക്കളുടെ ഫണ്ട് മറ്റു മതക്കാരുടെ കൈയിലേക്ക് പോകേണ്ട എന്നാതണ് ഇടുക്കിയിൽ പലയിടത്തും ആനകളെ എഴുന്നള്ളിപ്പിനു വേണ്ടെന്നു വച്ചതിന് പിന്നിലെ ഗൂഢലക്ഷ്യം. ആനകളെ ഉപദ്രവിക്കുന്നിതിന്റെ പേരിൽ ആന പ്രേമിസംഘം പല സ്ഥലത്തും ക്ഷേത്ര കമ്മിറ്റികൾക്കെതിരെ കേസുകൊടുത്തതിനെ തുടർന്ന് കേസിന്റെ പ്രശ്നങ്ങളിൽ നിന്നും ഒഴിവാക്കാനായി തുടർന്നു വരുന്ന കമ്മിറ്റികൾ ആനകളെ ഒവിവാക്കുന്നുണ്ട്. തിരുവാതിരക്കും കാർത്തികയ്ക്കും ആനകലെ ഒഴിവാക്കി വിളക്കു കത്തിക്കൽ മാത്രമാക്കി. ആനകളെ ഇപ്പോൾ കാണുന്ന രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ വൈകാതെ ആനകൾ ഇന്ത്യയിൽ ഇല്ലാതെയാകുമെന്ന ബോധ്യം ഭരണതലത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ആന ഉടമസ്ഥ സംഘം അതിനെയെല്ലാം അട്ടിമറിക്കാൻ കരുത്തുള്ള മാഫിയയായി വളർന്നിരിക്കുകയാണ്. മതാചാരങ്ങൾക്ക് ആനയെ ഉപയോഗിക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഭാഗങ്ങളൊന്നും എലിഫന്റ് ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ടിലില്ല. ആനകളുടെ ഉടമസ്ഥാവകാശം ഇല്ലാതാക്കി രക്ഷാകർതൃ പദവി നൽകാനുള്ള ശുപാർശയാണ് അവർക്ക് പ്രശ്നമായിരിക്കുന്നത്. ആനകളുടെ കൈമാറ്റവും സമ്മാനമായി നൽകലും പാട്ടത്തിനു നൽകലും ഒഴിവാക്കണമെന്ന ശുപാർശയാണ് ആന ഉടമസ്ഥർ മുഖ്യമായും എതിർക്കുന്നത്.



ഫോട്ടോ: അജിലാൽ

**ക്ഷേത്രത്തിൽ ആറാട്ട് എന്ന ചടങ്ങ് നടത്താൻ ഒരാനയെ മാത്രം എഴുന്നള്ളിക്കാമെന്ന് വിഷ്ണു സംഹിതയിൽ പറയുന്നുണ്ട്. ആനകൾ എന്ന് പറയുന്നില്ല. ആന എന്ന് മാത്രമാണ് പറയുന്നത്. വിഷ്ണു സംഹിത പ്രകാരം നോക്കിയാൽ ഇപ്പോൾ ആനയെ ഉപയോഗിച്ച് നടക്കുന്ന ചടങ്ങുകളെല്ലാം ആചാരലംഘനമാണ്. മാത്രമല്ല ആനകൾ പ്രശ്നമുണ്ടാക്കുന്നതുകൊണ്ട് ക്ഷേത്രാചാരങ്ങൾ മുടങ്ങുന്നതെന്നും ആന ഉടമസ്ഥസംഘം ആചാരലംഘനമായി കണക്കാക്കുന്നുമില്ല**

ആനകളെ എങ്ങിനെയെല്ലാം എഴുന്നള്ളിക്കാം എന്നതിനെക്കുറിച്ച് വ്യക്തമായ നിയമങ്ങളുണ്ട്. ആനയ്ക്ക് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് വേണം. വന്യജീവി സംരക്ഷണ നിയമത്തിലെ അഞ്ച് നിബന്ധനകൾ പാലിച്ചുകൊണ്ടുവേണം ആനയെ പരമ്പരാഗത ഉത്സവങ്ങൾക്ക് എഴുന്നള്ളിക്കേണ്ടത് തുടങ്ങിയ നിയമങ്ങളെല്ലാം ലംഘിക്കപ്പെടുകയാണ്. ജില്ലാ കളക്ടറുടെ അനുമതി പത്രമാണ് ആനയെ എഴുന്നള്ളിക്കാൻ ഉറപ്പായും വേണ്ട മറ്റൊരു നിബന്ധന. കൂടാതെ ചെന്നൈയിലെ കേന്ദ്ര മൃഗക്ഷേമബോർഡിന്റെ സെക്രട്ടറി നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും വേണം. പെർഫോമിംഗ് അനിമേഷൻ രജിസ്ട്രേഷൻ നിയമപ്രകാരമാണ് ഈ സർട്ടിഫിക്കറ്റ് നൽകുന്നത്. ഈ നിയമപ്രകാരം അനുമതി കൊടുക്കുകയാണെങ്കിൽ ആഴ്ചയിൽ ഒരു മണിക്കൂർ മാത്രമാണ് ആനയെ എഴുന്നള്ളിക്കാൻ അനുവാദമുള്ളത്. രാത്രിയിൽ എഴുന്നള്ളിപ്പുകൾ അനുവദനീയമല്ല. കേന്ദ്രമൃഗക്ഷേമ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഗുരുവായൂർ ദേവസ്വമടക്കമുള്ള പല ക്ഷേത്രങ്ങൾക്കും ലഭിച്ചിട്ടില്ല. 2001 ന് ശേഷം ജില്ലാ കളക്ടർമാർ ഒരാനയ്ക്കും കേരളത്തിൽ അനുമതി നൽകിയിട്ടില്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന എല്ലാ ആനയെഴുന്നള്ളിപ്പും ആ രീതിയിൽ നിയമലംഘനമാണ്. ഉദ്യോഗസ്ഥൻമാരുടെ കഴിവുകേടുകൊണ്ടാണ് ഇതെല്ലാം നടക്കുന്നത്. ആനകളെ ഉപയോഗിച്ചാൽ ഉണ്ടാകുന്നതിനേക്കാൾ വലിയ കഷ്ടനഷ്ടങ്ങൾ ഉപയോഗിച്ചില്ലെങ്കിൽ ഉണ്ടാകുമെന്ന് പേടിച്ച് എല്ലാവരും മിണ്ടാതിരിക്കുകയാണ്.

## നാട്ടാനകൾ നേരിടുന്ന വെല്ലുവിളികൾ

ജനസാന്നിദ്ധ്യം ഒട്ടും ഇഷ്ടമില്ലാത്ത ജീവിയാണ് ആന. ആ മൃഗത്തെയാണ് പുരുഷാരത്തിന് മുന്നിൽ വലിയ ശബ്ദങ്ങൾക്ക് നടുവിൽ ചങ്ങലയ്ക്കിട്ട് നിർത്തുന്നത്. പാപ്പാന്റെ കർശന നിർദ്ദേശങ്ങളുള്ളതുകൊണ്ടു മാത്രമാണ് ആന അടങ്ങി നിൽക്കുന്നത്. ആനയ്ക്ക് ബുദ്ധി കുറവായതുകൊണ്ടാണ് അത് പലപ്പോഴും ഓടിപ്പോകുന്നത്. കാട്ടിൽ നിന്നും പിടിച്ചുകൊണ്ടുവരുന്ന ആനകളിലേറെയും 18 വയസ്സിൽ താഴെയുള്ള കൊമ്പന്മാരാണ്. കാട്ടിലെ രീതിയനുസരിച്ച് ആ പ്രായമാകുമ്പോഴേക്കും കൊമ്പനാനകളെ ഗ്രൂപ്പിൽ നിന്നും മാറ്റും. ഇണചേരുന്നതിനായി അവ ഉൾക്കാടുകളിലേക്ക് പോകും. എന്നാൽ നാട്ടിലേക്ക് പിടിച്ചുകൊണ്ടുവരുന്ന കൊമ്പന്മാർക്ക് ഇണചേരാനുള്ള അവസരം നഷ്ടമാകുന്നു. അതിന്റെ സമ്മർദ്ദവും ആ ആനകൾക്കുണ്ട്. അതിലും വലിയ പ്രശ്നം ചൂടാണ്. ഇത്രയും ചൂട് ആനകൾ സഹിക്കില്ല. കാട്ടാനകൾ ചൂടിനെ പ്രതിരോധിക്കാനായാണ് പുറത്ത് മണ്ണുകോരിയിടുന്നത്. എന്നാൽ ഇവിടെ എഴുന്നള്ളിപ്പുകൾക്കായി ആനകളെ ചുട്ടുപഴുത്ത തായാൽ പൊരിവെയിലത്ത് കൊണ്ടു നിർത്തുകയാണ് പതിവ്. ഇത്രവലിയ ശബ്ദവും ആനകൾക്ക് താങ്ങാൻ കഴിയില്ല. അവയുടെ ഇയർഡ്രം പൊട്ടിപ്പോകും. നമ്മുടെ മിക്ക ആനകളും ബധിരന്മാരാണ്. 'ഇടത്താനേ' എന്ന പറഞ്ഞാൽ തിരിയുന്നതൊന്നും പറയുന്നതു കേട്ടിട്ടല്ല, അടികിട്ടിയിട്ടാണ്. ആനകളുടെ കണ്ണ് കുത്തിപ്പൊട്ടിക്കുന്ന പരിപാടിയുമുണ്ട്. ഇവിടെ എഴുന്നള്ളിക്കാനുള്ള പല ആനകളും കണ്ണുകാണാത്തവയാണ്. കണ്ണുകുത്തിപ്പൊട്ടിക്കുക എന്ന് പറഞ്ഞാൽ കണ്ണിന്റെയുള്ളിൽ അണുബാധയുണ്ടാക്കി കണ്ണ് നശിപ്പിച്ചുകളയുകയാണ് ചെയ്യുന്നത്. കണ്ണുകാണാത്ത ആനകൾക്ക് ചലനസ്വാതന്ത്ര്യം കുറവായതിനാലാണ് ഈ ക്രൂരത. വിരണ്ടാലും അവൻ അധികമോടില്ല.

## എന്റെ പ്രവർത്തനങ്ങൾ

1997 മുതലാണ് ആന പ്രേമി സംഘം രൂപീകരിച്ച് ഞങ്ങൾ കുറച്ച് സുഹൃത്തുക്കൾ ആനകൾ പീഢിപ്പിക്കപ്പെടുന്നത് തടയാൻ ശ്രമം തുടങ്ങിയത്. ഒരാന ഏഴ് ദിവസത്തിനുള്ളിൽ എട്ട് തവണ ഇടഞ്ഞ വാർത്തയാണ് എന്നെ ഈ പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിട്ടത്. ഞങ്ങൾ അതിനെതിരെ വനംവകുപ്പിന് പരാതി നല്കി. വിചിത്രമായ മറുപടിയാണ് വനംവകുപ്പിന്റെ ഭാഗത്ത് നിന്നും കിട്ടിയത്. നാട്ടാനകളെ പീഢിപ്പിക്കുന്ന കാര്യത്തിൽ അവർക്കൊന്നും ചെയ്യാൻ കഴിയില്ലെന്നായിരുന്നു മറുപടി. captive elephant എന്നൊരു വാക്ക് വന്യജീവി സംരക്ഷണ നിയമത്തിൽ ഇല്ല എന്ന് അന്നാണ് ഞങ്ങളറിഞ്ഞത്. അതാണ് വനവകുപ്പിന് സാങ്കേതിക തടസ്സമായത്. 2001 ലാണ് ആ കത്ത് കിട്ടിയത്. മേനകാ ഗാന്ധി മന്ത്രിയായ സമയത്ത് വിഷയം അവരുടെ ശ്രദ്ധയിൽ പ്പെടുത്തിയതിനെ തുടർന്ന് വന്യജീവി സംരക്ഷണ നിയമത്തിൽ ഒരു ഭേദഗതി വന്നു.

**വലിയ ശബ്ദം താങ്ങാൻ ആനയുടെ ചെവികൾക്ക് കഴിയില്ല. അവയുടെ ഇയർഡ്രം പൊട്ടിപ്പോകും. നമ്മുടെ മിക്ക ആനകളും ബധിരരാണ്. ഇടത്താനേ എന്ന് പറഞ്ഞാൽ തിരിയുന്നത് പറയുന്നത് കേട്ടിട്ടല്ല. അടികിട്ടിയിട്ടാണ്. ആനകളുടെ കണ്ണിന്റെയുള്ളിൽ അണുബാധയുണ്ടാക്കി കണ്ണ് നശിപ്പിച്ചുകളയുന്ന പരിപാടിയുമുണ്ട്. കണ്ണുകാണാത്ത ആനകൾക്ക് ചലന സ്വാതന്ത്ര്യം കുറവായതുകൊണ്ടാണ് ഈ ക്രൂരത. വിരണ്ടാലും അവൻ അധികമോടില്ല.**

നാട്ടാനയാണെങ്കിലും കാട്ടാനയാണെങ്കിലും വന്യ ജീവിയാണെന്ന് ഭേദഗതിയിലൂടെ നിയമത്തിൽ മാറ്റം വന്നു. 2003ൽ പ്രാബല്യത്തിൽ വന്നു. തുടർന്ന് നാട്ടാനകളെ സംരക്ഷിക്കാൻ ഒരു നിയമവുമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ട് ഞങ്ങൾ ഹൈക്കോടതിയെ സമീപിച്ചു. അതിനെ തുടർന്നാണ് captive elephants management and maintanance rule എന്ന നിയമം സർക്കാർ നടപ്പിലാക്കുന്നത്. യു.ഡി.എഫാണ് അന്ന് ഭരിച്ചിരുന്നത്.

ആർ. ബാലകൃഷ്ണപ്പിള്ളയും മകൻ ഗണേഷ്കുമാറും അന്ന് മന്ത്രിസഭയിലുണ്ടായിരുന്നു. നിയമം നിലവിൽ വന്നിട്ടും അത് നടപ്പിലാക്കുന്നതിൽ നിന്നും സർക്കാരിനെ തടഞ്ഞത് അവരായിരുന്നു. എലിഫന്റ് ഓണേഴ്സ് അസോസിയേഷന്റെ ആളാണ് ഗണേഷ്കുമാർ. ഇന്നും ഗണേഷ്കുമാറാണ് ആന സംരക്ഷകനായി അവതരിച്ച് കേന്ദ്ര നിയമത്തിനെതിരെ തിരിഞ്ഞിരിക്കുന്നത്. എൽ.ഡി.എഫ് സർക്കാർ വന്നശേഷം മന്ത്രി ബിനോയ് വിശ്വമാണ് നിയമം നടപ്പിലാക്കാനുള്ള നടപടികളുമായി മുന്നോട്ട് പോയത്. അതിനായി ഉദ്യോഗസ്ഥൻമാരുടെ യോഗം കൂടിയ സമയത്തെല്ലാം കേരളത്തിന്റെ പല സ്ഥലങ്ങളിലും ആനയിടഞ്ഞ് പ്രശ്നങ്ങളുണ്ടായി. അതുകൊണ്ടും നിയമം നടപ്പിലാക്കുന്നതിൽ നിന്നും പിന്മാറാൻ ഉദ്യോഗസ്ഥന്മാർക്കും സർക്കാരിനും കഴിഞ്ഞില്ല. കേരളത്തിലെ നാട്ടാനകളെക്കുറിച്ചുള്ള കണക്കുകളെല്ലാം ഡി.എഫ്.ഒ മാരുടെ പക്കലെത്തിയത് ഈ നിയമം നടപ്പിലാക്കിയ ശേഷമാണ്. നാട്ടാനകളെ എഴുന്നള്ളിക്കാൻ ജില്ലാ കളക്ടറുടെ അനുമതി വേണമെന്ന് റവന്യു ഡിപ്പാർട്ട്മെന്റും ഉത്തരവിറക്കി. ആ നിയമം പക്ഷെ ഇപ്പോഴും കടലാസിലാണ്. അത് നടപ്പിലാക്കാത്തതിന് പിന്നിൽ ഇടതുപക്ഷത്തിന്റെയും കളികളുണ്ട്. ആന ഉടമസ്ഥ സംഘത്തിന്റെ ഒരു മുൻ നേതാവ് അഡ്വ. അരുൺ കുമാർ സി.പി.ഐയുടെ പെരുമ്പാവൂർ നഗരസഭ ചെയർമാനായിരുന്നു. സി.പി.ഐ.ക്കാരും ആന ഉടമസ്ഥ സംഘത്തിന്റെ പിന്നിലുണ്ട്. കഴിഞ്ഞ നിയമസഭ ഉപതിരഞ്ഞെടുപ്പിൽ ആലപ്പുഴയിൽ മത്സരിച്ച സി.പി.ഐ സ്ഥാനാർത്ഥി കൃഷ്ണപ്രസാദ് ആന ഉടമസ്ഥ സംഘത്തിന്റെ ആ

ലപ്പുഴയിലെ നേതാവാണ്. അവരെല്ലാം ചേർന്നാണ് ഇപ്പോൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനെതിരെ തിരിഞ്ഞിരിക്കുന്നത്.

## ആനയും പൂരവും

പൂരങ്ങൾക്ക് വ്യാപകമായി ആനകളെ ഉപയോഗിക്കാൻ തുടങ്ങിയിട്ട് അധിക നാളുകളായിട്ടില്ല. ആനയുടെ ലഭ്യതയനുസരിച്ച് പൂരത്തിന്റെ ദിവസം വരെ നിശ്ചയിക്കുന്ന തരത്തിലേക്ക് കാര്യങ്ങളെത്തി. തിരുവിതാംകൂർ ഭാഗത്തെ ആദ്യപൂരം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ച് മെയിൽ അവസാനിക്കും. 10 മാസമാണ് പൂരങ്ങൾ നീണ്ടുനിൽക്കുന്നത്.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ പരിധിയിൽ 8 മാസത്തോളം പൂരങ്ങൾ നടക്കാറുണ്ട്. കുംഭ ഭരണിയുടെ സമയത്ത് നടക്കുന്ന പൂരങ്ങൾക്ക് കണക്കില്ല. അതുപോലെയാണ് ശിവരാത്രി. കേരളത്തിൽ 1600 ഓളം ശിവക്ഷേത്രങ്ങളിൽ ഒരു ദിവസം ഉത്സവം നടക്കും. ഈ ഉത്സവങ്ങൾക്കെല്ലാം എഴുന്നള്ളിക്കുന്നതിനായി ആകെ കേരളത്തിലുള്ളത് 695 ആനകൾ മാത്രം എന്നിട്ടും എഴുന്നള്ളിപ്പുകൾക്ക് ആനയെ കിട്ടാതെ വരുന്നില്ല. എല്ലാം ഭംഗിയായി നടക്കുന്നുണ്ട്. അതിൽ നിന്നും ഒരു ദിവസം തന്നെ ഒരാനയ്ക്ക് എത്ര പൂരങ്ങൾക്ക് പോകേണ്ടി വരുമെന്ന് ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. ഒരു വർഷം 10 മാസത്തോളം ആനകൾ ഇത്തരത്തിൽ ഓട്ടത്തിലാണ്. വിശ്രമം വളരെ കുറച്ചുമാത്രമാണ് കിട്ടുന്നത്. ആനകൾ ഇടയാനുള്ള പ്രധാനകാരണവും അതു തന്നെയാണ്. ഒരു ദിവസം ഒരാനയെ പല സ്ഥലങ്ങളിൽ എഴുന്നള്ളിക്കുന്ന കാര്യം കേന്ദ്ര മൃഗക്ഷേമ ബോർഡ് അറിഞ്ഞതിനെ തുടർന്ന് 2001ലെ പെർഫോർമിംഗ് അനിമൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റില്ലാതെ ആനയെ എഴുന്നള്ളിക്കുന്നവർക്കെതിരെ പോലീസ് കേസെടുക്കാൻ 2003ൽ ഉത്തരവിട്ടു. കേന്ദ്ര മൃഗക്ഷേമ ബോർഡ് സെക്രട്ടറിയുടേതാണ് ഉത്തരവ്. ആനകൾക്ക് മാത്രമല്ല പൊതുജനത്തിന് മുന്നിൽ ഏത് മൃഗത്തിനെ പ്രദർശിപ്പിക്കുന്നതിനും പെർഫോമിംഗ് അനിമൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്



**രണ്ടാഴ്ചമുമ്പ് തൃശൂരിൽ പത്രസമ്മേളനം നടത്തയിപ്പോൾ കെ.ബി ഗണേശ്കുമാർ എം.എൽ.എ എനിക്കെതിരെ തീർത്തും ജനാധിപത്യ വിരുദ്ധമായ പ്രസ്താവന നടത്തി. അടുത്ത മന്ത്രിസഭയിൽ ഞാനുണ്ടെങ്കിൽ വെങ്കിടാചലത്തിന്റെ പ്രസ്ഥാനം അതിനടുത്ത ദിവസം മുതൽ ഉണ്ടാകില്ല എന്ന് അദ്ദേഹം പറഞ്ഞു..**

വേണം. മൃഗത്തെ പബ്ലിക്കിൽ കൊണ്ടുവരുമ്പോൾ ചങ്ങലയിടുകയോ കയറിട്ട് കെട്ടുകയോ ചെയ്യരുതെന്ന് ആ നിയമത്തിൽ പ്രത്യേകം പറയുന്നുണ്ട്. ഈ നിയമം പരസ്യമായി ലംഘിച്ചുകൊണ്ടാണ് പൂരങ്ങൾക്ക് ആനയെ ചങ്ങലയിട്ട് നിർത്തുന്നത്. നിയമങ്ങൾ പലതും നിലവിലുണ്ടായിട്ടും ഉദ്യോഗസ്ഥരുടെ സഹകരണമില്ലാത്തതിനാൽ ആന പീഢനം തുടർക്കഥയായിത്തീർന്നിരിക്കുന്നു.

## ഗണേശ്കുമാറിന്റെ പ്രസ്താവന

രണ്ടാഴ്ചമുമ്പ് തൃശൂരിൽ പത്രസമ്മേളനം നടത്തിയപ്പോൾ ഗണേശ്കുമാർ എനിക്കെതിരെ നടത്തിയ പ്രസ്താവന തീർത്തും ജനാധിപത്യ വിരുദ്ധമായിരുന്നു. അടുത്ത മന്ത്രിസഭയിൽ ഞാനുണ്ടെങ്കിൽ വെങ്കിടാചലത്തിന്റെ പ്രസ്ഥാനം അതിനടുത്ത ദിവസംമുതൽ ഉണ്ടാകില്ല എന്നാണ് ഗണേശ് പറഞ്ഞത്. പ്രസ്ഥാനം ഇല്ലാതാക്കുന്നത് ശരിയാണോ? പത്രക്കാർ ചോദിച്ചിട്ടും ഗണേശ് മിണ്ടിയില്ല. പത്രക്കാരാരും എന്നെക്കുറിച്ച് പറഞ്ഞ കാര്യം വാർത്തയിൽ ഉൾപ്പെടുത്തിയതുമില്ല. എന്നെ ഗണേശ് നേരിട്ട് കണ്ടിട്ടില്ല. എന്നിട്ടും ഇങ്ങനെ പറയുമ്പോൾ എന്തായിരിക്കും ഇനി സംഭവിക്കാൻ പോകുന്നത്.

## വിശ്വാസികളുടെ എതിർപ്പ്

വിശ്വാസികളുടെ ഭാഗത്ത് നിന്നും പലപ്പോഴും എനിക്കെതിരെ പ്രതിഷേധമുണ്ടായിട്ടുണ്ട്. കഴിഞ്ഞ പൂരത്തിന്റെ സമയത്ത് എനിക്കെതിരെ ഒപ്പ് ശേഖരണം വരെ നടത്തി. കേന്ദ്രമന്ത്രിക്കും പ്രധാനമന്ത്രിക്കും അയച്ചുകൊടുക്കുമെന്നാണ് പറഞ്ഞത്. ആനയെ എഴുന്നള്ളിക്കുന്നതിനെതിരെ ഞാൻ സ്ഥിരമായി പരാതി കൊടുക്കുകയാണെന്നും അതെല്ലാം വസ്തുതാവിരുദ്ധമാണെന്നുമായിരുന്നു അവരുടെ പരാതിയിൽ പറഞ്ഞിരുന്നത്.

ക്ഷേത്രാചാരങ്ങൾക്ക് ഞാൻ സ്ഥിരമായി ഭംഗമുണ്ടാക്കുകയാണെ




ഫോട്ടോ: അജിലാൽ

കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന്റെ തീരുമാനങ്ങളിൽ പ്രതിഷേധിച്ച് ഗജദിനമായ ഒക്ടോബർ നാലിന് കരിദിനമാചരിക്കാൻ കേരള എലിഫന്റ് ഓണേഴ്സ് ഫെഡറേഷൻ തീരുമാനിച്ചിരിക്കുന്നു. നിയന്ത്രണങ്ങളില്ലാതെ ആനപീഢനം തുടരാൻ മതവികാരത്തെയാണ് അവർ കൂട്ടുപിടിച്ചിരിക്കുന്നതെന്ന് തൃശൂർ നഗരത്തിൽ ഉയർന്ന ബോർഡുകൾ സാക്ഷ്യപ്പെടുത്തുന്നു

ന്നും പരാതിയിലുണ്ടായിരുന്നു. ആനയെ എഴുന്നള്ളിക്കുന്ന ആചാരങ്ങളെല്ലാം എന്നാണ് തുടങ്ങിയതെന്ന കാര്യം അവർ മന:പൂർവ്വം വിസ്മരിക്കുന്നു. എൺപതുകളുടെ തുടക്കത്തിൽ ഗൾഫ് പണം കേരളത്തിൽ ഒഴുകാൻ തുടങ്ങിയ ശേഷമാണ് ആനകളെ എഴുന്നള്ളിക്കുന്നത് ഇവിടെ പതിവായത്. കുറെ കുടുംബക്ഷേത്രങ്ങൾ കേരളത്തിൽ പുതിയതായി ഉയർന്നുവന്നു. അവിടെയെല്ലാം കാലക്രമേണ ആനകളെ ഉപയോഗിച്ചുള്ള ആചാരങ്ങൾ തുടങ്ങി. ഇത് വർഷം തോറും കൂടിവന്നു. കണക്കുകൾ പരിശോധിച്ചാൽ അതറിയാൻ കഴിയും. കഴിഞ്ഞ വർഷം കുന്നംകുളം ഭാഗത്ത് 124 ഉത്സവങ്ങൾ നടന്നു. അതിന് മുൻവർഷം 108 ഉത്സവങ്ങൾ മാത്രമായിരുന്നു നടന്നത്. ഇവിടെയെല്ലാം ആനകളാണ് ബലിമൃഗമാകുന്നത്.

### ബോധവത്ക്കരണം

പൂരങ്ങൾ ആസ്വദിക്കുന്ന ആൾക്കൂട്ടത്തെ ബോധവത്ക്കരിക്കാൻ പ്രയാസമാണ്. നിമയങ്ങൾ പാലിക്കാൻ തീരെ താത്പര്യമില്ലാത്തവരാണ് ആന ഉടമസ്ഥർ. ആനയ്ക്കുണ്ടാകുന്ന പ്രയാസങ്ങൾ അവരോട് പറഞ്ഞിട്ട് കാര്യമില്ല. പണം മാത്രമാണ് അവരുടെ ലക്ഷ്യം. എന്നാൽ ഞങ്ങൾ സ്ഥിരമായി ആവശ്യപ്പെട്ടതിനെ തുടർന്ന് പല ക്ഷേത്രകമ്മിറ്റികളും ആനകളെ എഴുന്നള്ളിക്കുന്നത് കുറച്ചിട്ടുണ്ട്.

ആനകമ്പക്കാർ അധികവും ഇടനിലക്കാരുടെ പിന്നാലെയാണ്. അവർക്ക് ആനയുടെ ഫോട്ടോ വച്ച് ഫ്ളക്സ് ബോർഡ് ഇറക്കാനുള്ള പണം നൽകുന്നത് ആനബുക്കിംഗ് നടത്തുന്ന ഇടനിലക്കാരാണ്. ആനക്കമ്പക്കാരിൽ എനിക്കറിയാവുന്ന നൂറിലധികമാളുകൾ ജന്തു എന്ന നിലയിൽ ആനയോട് താത്പര്യമില്ലാത്തവരാണ്. ആനയുടെ ഫോട്ടോ അടിച്ചിറക്കാൻ മാത്രമാണ് അവർക്ക് താത്പര്യം. അവരുടെയടുത്ത് ബോധവത്കരണം സാധ്യമല്ല.

### ആനക്കോട്ടയിലെ തട്ടിപ്പുകൾ

പുന്നത്തൂർ ആനക്കോട്ടയാണ് കേരളത്തിലെ പ്രധാന ആന പിഢന കേന്ദ്രം. ഗുരുവായൂരിൽ നടയ്ക്കിരുത്തിയ 65 ആനകളാണ് പുന്നത്തൂർ കോട്ടയിലുള്ളത്. ആനകൾക്ക് മരുന്നു ചികിത്സയുമെല്ലാം നൽകുന്നുണ്ടെങ്കിലും വലിയ തട്ടിപ്പ് അവിടെ നടക്കുന്നുണ്ട്. ആനക്കോട്ടയിലെ ആനകളെ പുറത്ത് എഴുന്നള്ളിപ്പിന് കൊടുക്കരുതെന്നാണ് നിയമം. എന്നാൽ ഗുരുവായൂർ ദേവസ്വം പണം വാങ്ങി ആനയെ പുറത്തേക്ക് കൊടുക്കുന്നുണ്ട്. ക്ഷേത്രത്തിന്റെ ആവശ്യങ്ങൾക്ക് മാത്രമേ ഈ ആനകളെ ഉപയോഗിക്കുകയുള്ളു എന്ന് പറഞ്ഞാണ് വനംവകുപ്പ് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ കൈയ്യിൽ നിന്നും അനുമതി വാങ്ങുന്നത്. ഗുരുവായൂർ ക്ഷേത്രത്തിൽ ഒരു ദിവസത്തെ ആചാരങ്ങൾക്ക് മൂന്ന് ആനകൾ മാത്രം മതി. ബാക്കി ആനകളെ പുന്നത്തൂർ കോട്ടയിൽ കെട്ടിയിട്ടിരിക്കുകയാണ്. എപ്പോഴും നടക്കാൻ ഇഷ്ടപ്പെടുന്ന ജീവിയാണ് ആന. അതിനെയാണ് മാസങ്ങളോളം കെട്ടിയിടുന്നത്. ആനകളുടെ കാലുകൾ വളയുന്നതിനും അക്രമവാസന കൂടുന്നതിനും ഇത് കാരണമാകുമെന്നാണ് വന്യജീവി ശാസ്ത്രത്തിൽ പറയുന്നത്.

### ആന ഒരു വന്യമൃഗമാണ്

ആന കേസുകളിൽ പറഞ്ഞിട്ടുള്ള പല വിധികളിലും ആനയെ wild dangerous animal എന്നാണ് കോടതി വിശേഷിപ്പിച്ചിട്ടുള്ളത്. ആനയുടെ സ്വഭാവം ണശഹറ ആണെന്നുള്ളതാണ് പ്രശ്നങ്ങൾക്കെല്ലാം കാരണം. ആനയെ നാട്ടിൽ നല്ല രീതിയിൽ കൊണ്ടുനടക്കാൻ കഴിയില്ല എന്നതാണ് വാസ്തവം. ആനയുടെ സഹജ സ്വഭാവം വന്യമാണെന്ന് തിരിച്ചറിവ് സമൂഹത്തിനുണ്ടാകണം. അതുമാത്രമാണ് പരിഹാരം.

*ആനപ്രേമിസംഘം, തിരുവമ്പാടി, തൃശൂർ-22*

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com